**സബ്മിഷൻ**

(1) പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള നിയമസഭ പാസ്സാക്കിയ 2011-ലെ പ്ലാച്ചിമട നഷ്ടപരിഹാര സ്പെഷ്യൽ ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകാത്തതുകൊണ്ട് ദുരിതബാധിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ദീർഘകാലത്തെ ജനകീയ സമരത്തെ തുടർന്നാണ് 2005-ൽ പ്ലാച്ചിമട പ്ലാന്റ് അടച്ചുപൂട്ടിയത്. തുടർന്ന് അന്നത്തെ സർക്കാർ പരിസ്ഥിതി ആഘാതം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി അന്നത്തെ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിക്കാനുള്ള ഈ ബിൽ കേരള നിയമസഭ പാസ്സാക്കിയത്. പ്ലാച്ചിമടയിൽ കൊക്കൊക്കോള കമ്പനിയുടെ പ്ലാന്റ് പ്രവർത്തിച്ചതുമൂലം ഭൂഗർഭ

ജലവിതാനത്തിൽ വലിയ കുറവുണ്ടായി, ജലസ്രോതസ്സുകളെ ദോഷകരമായി ബാധിച്ചു, മണ്ണ് കൃഷിയോഗ്യമല്ലാതായി, കാർഷികോത്പാദനം ഗണ്യമായി കുറഞ്ഞു, പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിച്ചു, കാഡ്മിയം, ലെഡ്, ക്രോമിയം തുടങ്ങിയവ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, കുട്ടികൾക്ക് ഭാരക്കുറവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും, കുടിവെള്ള ക്ഷാമം തുടങ്ങിയ ദൂഷ്യഫലങ്ങൾ എല്ലാം കാര്യകാരണ സഹിതം വിശദീകരിക്കുന്നതായിരുന്നു പ്രസ്തുത റിപ്പോർട്ട്. അന്നത്തെ റേറ്റിന്റെ അടിസ്ഥാനത്തിൽ വിവിധ ഇനങ്ങളിലായി 216.26 കോടി രൂപയുടെ നഷ്ടമാണ് ശ്രീ. കെ. ജയകുമാർ അദ്ധ്യക്ഷനായ പ്രസ്തുത കമ്മിറ്റി തിട്ടപ്പെടുത്തിയത്. ആ തുക ഈടാക്കുന്നതിനുവേണ്ടിയാണ് കേരള നിയമസഭ സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ബിൽ പാസ്സാക്കിയത്. അത് രാഷ്ട്രപതി അംഗീകാരം നൽകാതെ തിരിച്ചയയ്ക്കുകയാണുണ്ടായത്. മാത്രമല്ല, ഈ കമ്പനി അടച്ചുപൂട്ടിയെങ്കിലും അതിനെതിരായി മലിനീകരണ നിയന്ത്രണ ബോർഡ് വാട്ടർ ആക്ടിലെ 43, 47 വകുപ്പുകൾ പ്രകാരമോ ആദിവാസി മേഖലയിൽ ഗുരുതരമായ കുറ്റകൃത്യം നടത്തിയ കമ്പനിക്കെതിരായി എസ്.സി./എസ്.ടി.

അട്രോസിറ്റീസ് ആക്ട് അനുസരിച്ചോ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. നമ്മുടെ നാട്ടിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ അട്ടിമറിക്കുന്ന രീതിയിൽ ഒരു ബഹുരാഷ്ട്ര കമ്പനി നടത്തിയ ജലമലിനീകരണ പ്രവർത്തനങ്ങൾ ആദിവാസി മേഖലയിൽ ഉൾപ്പെടുന്ന ഒരു ജനസമൂഹത്തെ സാമൂഹികമായും സാമ്പത്തികമായും ആരോഗ്യപരമായും കടുത്ത ദുരിതത്തിലേയ്ക്ക് തള്ളിവിട്ടത് തെളിവുസഹിതം ബോധ്യപ്പെട്ടിട്ടും നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ രാഷ്ട്രപതിയുടെ അനുമതി ലഭിക്കാതിരുന്ന ഈ ബില്ലിലെ പോരായ്മകൾ ഒഴിവാക്കി പുതിയ നിയമനിർമ്മാണം നടത്തുന്നതിനുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ചുകൊണ്ട് ഈ ദുരിത ബാധിതർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം അടിയന്തമായി ലഭിക്കുന്നതിനുവേണ്ടിയുള്ള പാക്കേജ് നടപ്പാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാവരോടും പറയാനുള്ളത്. ആദിവാസി മേഖലയിൽ ഗുരുതരമായ കുറ്റകൃത്യം ചെയ്ത കമ്പനിക്കെതിരായി മേൽപ്പറഞ്ഞ നിയമങ്ങൾ പ്രകാരം കർശന നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2010-ലാണ് 216 കോടി രൂപയുടെ നഷ്ടം കണക്കാക്കിയത്.

അതുകൊണ്ട് അന്നത്തെ റേറ്റും ഇപ്പോഴത്തെ റേറ്റും കണക്കാക്കികൊണ്ടുള്ള നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് വളരെ ഗൗരവമുള്ള വിഷയം തന്നെയാണ് സബ്മിഷനായി അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ നിയമസഭ 2011-ൽ ഇതുമായി ബന്ധപ്പെട്ട് ഒരു ബിൽ പാസാക്കിയത്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ അത് രാഷ്ട്രപതി തിരിച്ചയക്കുകയുണ്ടായ സാഹചര്യത്തിൽ തുടർന്നുള്ള നടപടികൾക്കാണ് പ്രാധാന്യം കല്പിക്കേണ്ടതായിട്ടുള്ളത്. ഇക്കാര്യങ്ങളിലെല്ലാം നല്ല നിലയിലുള്ള ചർച്ചകൾ നേരത്തെ നടന്നിട്ടുണ്ട്. പിന്നീട് ബഹുമാനപ്പെട്ട സോളിസിറ്റർ ജനറലിൽനിന്നും നിയമോപദേശം തേടിയപ്പോൾ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിലെ 14/3, 15/3 എന്നീ വകുപ്പുകൾക്ക് കീഴിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലതാമസം കണക്കാക്കുന്ന വ്യവസ്ഥയിൽ ഇളവ് നൽകണമെന്നൊരു അപേക്ഷയോടുകൂടി സംസ്ഥാനം ഒരു റെപ്രസന്റേറ്റീവ് സ്യൂട്ട് ഫയൽ ചെയ്യാമെന്ന്

അഭിപ്രായപ്പെട്ടിട്ടുണ്ട്. മാത്രമല്ല; ഇത്തരം കാര്യങ്ങളിൽ ആവശ്യമായ നിയമഭേദഗതികൾ എന്താണോ വരുത്തേണ്ടത് അതുൾപ്പെടുത്തിക്കൊണ്ടുതന്നെ പരിശോധിച്ച് നഷ്ടപരിഹാരം കൊടുക്കണമെന്ന നിലയിലാണ് ആദ്യം ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആ സ്പിരിറ്റിൽനിന്നും ഒരിക്കലും പുറകോട്ട് പോയിട്ടില്ല. ഇന്ന് പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിൽ അവലോകനം ചെയ്യുകയും ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന്, ഒരിക്കൽക്കൂടി നിയമനിർമ്മാണം ആവശ്യപ്പെട്ടതുപോലെ നടത്തുന്നതിനുള്ള സാധ്യത അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ചശേഷം പരിശോധിക്കുകയും അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനാവശ്യമായ ഭേദഗതികളോടുകൂടിയ നിയമനിർമ്മാണം നടത്താൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

(2) ചെർപ്പുളശ്ശേരിയിൽ ഫയർഫോഴ്സ് യൂണിറ്റ്

ശ്രീ. പി. മമ്മിക്കുട്ടി: സർ, പാലക്കാട് ജില്ലയിൽ തന്നെ നാലാമത്തെ നഗരമായി പരിവർത്തനം വന്നുകൊണ്ടിരിക്കുന്ന സ്ഥലമാണ് ചെർപ്പുളശ്ശേരി. ധാരാളം വിദ്യാലയങ്ങൾ, ആശുപത്രികൾ, പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ, കട കമ്പോളങ്ങൾ തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുകയാണ്. ആയിരക്കണക്കിനാളുകൾ ദിവസന്തോറും വന്നുപോയിക്കൊണ്ടിരിക്കുന്ന ഈ ചെർപ്പുളശ്ശേരിയിൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയ്ക്ക് നാല്പത്തൊമ്പതോളം വരുന്ന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകയുണ്ടായി. തീപിടിത്തവുമായും പുഴയിൽ ജീവഹാനി സംഭവിച്ചതുമായും ബന്ധപ്പെട്ടുള്ള കേസുകളാണ് റിപ്പോർട്ട് ചെയ്തത്. അത്തരം സന്ദർഭങ്ങളിലൊക്കെ ഒന്നുകിൽ കോങ്ങാട് അതല്ലെങ്കിൽ പെരുന്തൽമണ്ണ, ഷൊർണ്ണൂർ എന്നീ ഭാഗങ്ങളിലുള്ള ഫയർഫോഴ്സ് യൂണിറ്റ് വരാറുണ്ട്. സന്ദർഭത്തിനനുസരിച്ച് ഇടപെടുകയും കൂടുതൽ ആളപായം വരാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ആശ്വാസകരമായ ഒരനുഭവം പങ്കുവയ്ക്കുമ്പോൾ തന്നെ തുണിക്കട കത്തിയും

സാമില്ലുകൾ കത്തിയും അതുമായി ബന്ധപ്പെട്ട മാർക്കറ്റുകളിൽ തീപിടുത്തമുണ്ടായും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളുണ്ടാകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഫയർഫോഴ്സ് കിലോമീറ്ററുകൾ താണ്ടിവരേണ്ട ഒരവസ്ഥ അവിടെയുണ്ട്. സർക്കാരിന്റെ തന്നെ സ്ഥലം അവിടെ ലഭ്യമായിട്ടുള്ളതിനാൽ ചെർപ്പുളശ്ശേരി കേന്ദ്രമാക്കിക്കൊണ്ട് ഒരു ഫയർഫോഴ്സ് യൂണിറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി പത്ത് ഫയർ ആന്റ് റസ്ക്യു സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അനുമതി നൽകിയ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിൽ ചെർപ്പുളശ്ശേരി ഉൾപ്പെട്ടിട്ടില്ല. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സ്റ്റേഷൻ ആരംഭിച്ചതിനുശേഷം ആവശ്യകതയനുസരിച്ച് പുതിയ സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(3) സർവേയർമാരുടെ ക്ഷാമം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി ബൈപ്പാസ് കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് ഏഴ് വർഷമായി കിഫ്ബി അനുവദിച്ചിട്ടും ഭൂമി ഏറ്റെടുക്കൽ നടപടികളിലുള്ള കാലതാമസമാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തത്. വടകര-കുറ്റ്യാടി-നാദാപുരം റോഡുകൾ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് 12 മീറ്റർ ഫ്രീ സറണ്ടർ നൽകേണ്ടതാണ്. റോഡ് കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പ്രധാന തടസ്സം സർവേയർമാരുടെ അപര്യാപ്തതയാണ്. അതുപോലെ കേരളത്തിലെ മലയോരമേഖല ഉൾക്കൊള്ളുന്നതും ഏറ്റവും വിസ്തീർണ്ണം കൂടുതലുള്ളതുമായ രണ്ട് താലൂക്കുകളാണ് കൊയിലാണ്ടിയും വടകരയും. ഈ താലൂക്കുകളിൽ ഒരു താലൂക്ക് സർവേയർമാർ മാത്രമേ ഉള്ളൂ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മലയോരമേഖലകളിലെ അതിർത്തി പ്രശ്നം തീർക്കുന്നതിനും കോടതികളിലെ നിർദ്ദേശം പരിഹരിക്കുന്നതിനും ഒരു സർവേയറെക്കൊണ്ട് കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ഇക്കാര്യം പരിഗണിച്ച് അടിയന്തരമായി

താല്കാലികാടിസ്ഥാനത്തിൽ സർവേയർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നോട്ടിഫിക്കേഷൻ നീണ്ടുപോകുന്നതിന്റെ ഫലമായി സർക്കാരിനുണ്ടാകുന്ന നഷ്ടം അതിഭീകരമാണ് എന്ന പ്രശ്നവും മറ്റൊരു ഭാഗത്തുണ്ട്. കോഴിക്കോട് ജില്ലയിൽ മൂന്നിലൊന്ന് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ മുഴുവനും സ്ഥിരം നിയമനം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വ്യാപ്തിക്കനുസരിച്ച് അനുയോജ്യമായ രൂപത്തിൽ സർവേയർമാരെ നിയമിക്കാൻ വേണ്ടിയുള്ള അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ കുട്ടോത്ത്-അട്ടക്കുണ്ട് റോഡ് വികസനത്തിനുവേണ്ടി 6.0190 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠന

റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ആക്ടിലെ സബ്‌സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 11/1 വിജ്ഞാപനം 09-11-2023-ലെ സ.ഉ.(അച്ചടി)നം.281/2023/റവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് 09-11-2023-ലെ 3622-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുമുള്ളതാണ്. നിലവിൽ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി ചെയ്യുന്നത് കൊയിലാണ്ടി എൽ.എ. ജനറൽ ഓഫീസിൽ നിന്നാണ്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഒരു സർവേയറുടെ ഒഴിവ് പ്രസ്തുത ഓഫീലുള്ളതിൽ 19-12-2023-ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ സർവേയറെ നിയമിച്ചിട്ടുള്ളതും പ്രസ്തുത റോഡ് പ്രവൃത്തിയുടെ എൽ.എ. സബ് ഡിവിഷൻ ആരംഭിച്ചിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവയ്ക്കുന്നമുറയ്ക്ക് 19/1 പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസാക്കി സ്ഥലം സമയബന്ധിതമായി അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ 159.806 ഹെക്ടർ ഭൂമി കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളാരംഭിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധസമിതി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. തുടർന്ന് 11/1 വിജ്ഞാപനം 12-01-2023 തീയതിയിലെ സ.ഉ. (അച്ചടി) നം.07/2003 റവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 12-01-2023-ലെ കേരള അസാധാരണ ഗസറ്റിൽ നമ്പർ 132 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ കുറ്റ്യാടി ബൈപ്പാസ് ജോലിയുടെ എൽ.എ. സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡി.വി.എസ്. അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ബന്ധപ്പെട്ടിട്ടുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവയ്ക്കുന്നമുറയ്ക്ക് 19/1 പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വടകര വില്യാപ്പിള്ളി-ചേരക്കാട് റോഡിലെ കയ്യേറ്റം കണ്ടെത്തുന്നതിനുള്ള പ്രവൃത്തികൾ വടകര താലൂക്ക് ഓഫീസിലെ സർവേയർമാർ ആരംഭിച്ചിട്ടുള്ളതും ആകെ 18 കി.മീ. ഉള്ളതിൽ 6.5 കി.മീ. ജോലി പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു. നിലവിൽ വടകര കൊയിലാണ്ടി താലൂക്കുകളിൽ ഒരു താലൂക്ക് സർവെ തസ്തികമാത്രമാണ് നിലവിലുള്ളതെങ്കിലും റീ-സർവെ ഓഫീസുകളിൽനിന്നും എൽ.ആർ.എം., സ്പെഷ്യൽ സർവെ എന്നീ ജോലികൾക്കായി മൂന്ന് സർവെയർമാരെ ജോലിക്രമീകരണവ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതാണ്. ആയതിൽ ഒരാൾ സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് വിടുതൽ ചെയ്തുപോയിട്ടുള്ളതാണ്. നിലവിൽ വടകര-കൊയിലാണ്ടി താലൂക്കുകളിൽ മൂന്നുപേർ വീതമാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. കോഴിക്കോട് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ ആകെ 24 സർവേയർ തസ്തികകളാണ് നിലവിലുള്ളത്. സർവേയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ അതിൽ 8 തസ്തികകൾ ഒഴിവുള്ളതാണ്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്ത് 4 വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സർക്കാരിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഡിജിറ്റൽ റീസർവെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ റീസർവെ ഓഫീസുകളിൽ നിന്നും കൂടുതൽ സർവേയർമാരെ ജോലി ക്രമീകരണവ്യവസ്ഥയിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. എങ്കിൽപോലും നിലവിൽ റീസർവെ ഓഫീസുകളിൽനിന്നും എൽ.ആർ.എം., എൽ.എ. സ്പെഷ്യൽ ജോലികൾക്കായി 13 സർവേയർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ എടുത്തുകൊണ്ട് ജോലി പുരോഗതികൾ വിലയിരുത്തിയശേഷം ജോലി കുറവുള്ള ഓഫീസുകളിൽനിന്നും ജോലി കൂടുതലുള്ള ഓഫീസുകളിലേയ്ക്ക് ജോലികളുടെ മുൻഗണന പരിശോധിച്ചുകൊണ്ട് ക്രമീകരണങ്ങൾ നടത്തിവരുന്നുണ്ട്.

കിഫ്ബി പ്രഖ്യാപിച്ചതിനുശേഷം, വളരെ വ്യാപകമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ വരികയും ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ് വർദ്ധിക്കുകയും ചെയ്യുന്നതോടെ സർവേയർമാരുടെ ചില പ്രയാസങ്ങളുണ്ട്. ക്രമീകരണവ്യവസ്ഥയിലൂടെ അത് മറികടക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

സ്ഥിരമായ ഒഴിവുകൾ ലിസ്റ്റ് നിലവിൽ വന്നാൽ എടുക്കാവുന്നതും അതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കാവുന്നതുമാണ്. അങ്ങ് പറഞ്ഞ കാര്യം ഗൗരവമായി സർക്കാർ പരിശോധിക്കും.

(4) ജലജീവൻ പദ്ധതികൾക്കായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഇവിടെ ഉന്നയിക്കുന്ന സബ്മിഷൻ ആലുവ നിയോജക മണ്ഡലത്തിൽ മാത്രമുള്ള വിഷയമല്ല. കേരളത്തിലെ എല്ലാ പഞ്ചായത്ത് റോഡുകളും പി.ഡബ്ല്യു.ഡി. റോഡുകളും പല ഫണ്ടുകളുപയോഗിച്ച് നിർമ്മാണങ്ങൾ നടത്തുന്നുണ്ട്. ഉദാഹരണത്തിന്, ആലുവ-പെരുമ്പാവൂർ റോഡ് പി.ഡബ്ല്യൂ.ഡി. റോഡ് ഫണ്ട് ടെണ്ടർ ചെയ്തു നൽകി. എന്നാൽ അവിടെ പി.ഡബ്ല്യു.ഡി. റോഡിലെ ജലജീവൻ മിഷന്റെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ആ ടെണ്ടർ ക്യാൻസൽ ചെയ്യേണ്ട സാഹചര്യമുണ്ടായി. എന്നിട്ട് വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. ഇപ്പോൾ ഭയപ്പെടുന്നത് ആ ടെണ്ടർ ഈ 30-ാം തീയതി എടുക്കുകയാണ്. ചിലപ്പോൾ ആ ടെണ്ടറും പൂർത്തീകരിച്ച് നിർമ്മാണം നടത്താൻ കഴിയാത്തൊരു സാഹചര്യത്തിലേയ്ക്ക് മാറും. ജനങ്ങൾക്ക് യാത്ര

ചെയ്യാൻ കഴിയാത്ത രീതിയിലേയ്ക്ക് വളരെ മോശമായി ആ റോഡ് മാറിയിട്ടും റീ-ടെണ്ടർ ചെയ്യാൻ പറ്റാത്തത് ജലജീവൻ മിഷന്റെ പദ്ധതി പൂർത്തീകരിക്കാത്തതിനാലാണ്. പ്ലാൻഫണ്ടും തനതുഫണ്ടും ഉപയോഗിച്ചുകൊണ്ട് റോഡുകൾ റീ ടാറിംഗ് നടത്താൻ പല പഞ്ചായത്തുകളും ടെണ്ടർ ചെയ്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ഈ വർക്കുകൾ ചെയ്തതിനുശേഷം ടെണ്ടർ ചെയ്യാൻ നോക്കുകയാണ്. ടെണ്ടർ ചെയ്ത വർക്കുകളും പല റോഡുകൾക്കും ഫണ്ട് അനുവദിച്ചിട്ടും ടെണ്ടർ ചെയ്യാതെ കിടക്കുന്നത് ജലജീവൻ മിഷന്റെ പൈപ്പിടൽ പദ്ധതി പൂർത്തിയാക്കാത്തതിനാലാണ്. ഞങ്ങൾ അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത് ഇത്തരം പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നതും അതുപോലെ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്തതുമെന്നാണ്. കഴിഞ്ഞ സെപ്റ്റംബർ മാസം അവസാനമാണ് ജലജീവൻ മിഷന്റെ കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്ത തുക അനുവദിച്ചത്. അതിനുശേഷമുള്ള വർക്കുകൾക്ക് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ യഥാസമയം ബിൽ അപ്ലോഡ് ചെയ്തെങ്കിലും ഫണ്ട് അനുവദിക്കുന്നില്ല. ഏകദേശം മൂവായിരം കോടി രൂപയോളം കോൺട്രാക്ടർമാർക്ക് നൽകാനുണ്ട്.

ഇത് ഒരു കേന്ദ്ര-സംസ്ഥാന പദ്ധതിയാണ്. നാൽപ്പത്തിരണ്ടായിരം കോടിരൂപയാണ് ഈ പദ്ധതി നടപ്പാക്കുമ്പോൾ ആകെ ചെലവാകാൻ പോകുന്നത്. നാലായിരം കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി കുഴിയെടുത്തശേഷം അത് മെയിന്റനൻസ് ചെയ്യാത്തതുമൂലം പഞ്ചായത്ത് പി.ഡബ്ല്യൂ.ഡി. റോഡുകൾ ഉൾപ്പെടെയുള്ള റോഡുകൾ താറുമാറായി കിടക്കുകയാണ്. അതുമൂലം ജനങ്ങൾക്ക് നടക്കുവാനോ വാഹനങ്ങളിൽ പോകാനോ സാധിക്കാത്ത ഗുരുതരമായ സ്ഥിതിയാണുള്ളത്. ഇത്തരം വിഷയങ്ങൾ ആലുവയിലും കേരളത്തിലുടനീളവുമുണ്ട്. അതുകൊണ്ട് ഇവർക്ക് കുടിശ്ശിക നൽകാനുണ്ടെങ്കിൽ അത് എത്രയും വേഗം നൽകണം. ഇതൊരു നല്ല പദ്ധതിയാണ്. അതുകൊണ്ട് ഇത്തരം പദ്ധതികൾ പൂർത്തീകരിച്ച് ജനങ്ങൾക്ക് സുഗമമായി വെള്ളം ലഭ്യമാക്കാനും യാത്ര നടത്താനുമുള്ള സൗകര്യം ഒരുക്കാൻ എത്രയും വേഗം നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ജലജീവൻ മിഷന്റെ പ്രാധാന്യത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ വളരെ നല്ലതാണ്. സംസ്ഥാനത്ത് കാര്യങ്ങൾ കൃത്യമായി റിവ്യൂ നടത്തി എല്ലാ എം.എൽ.എ.മാർക്കും ഏതാണ്ട് 3-6 മാസത്തിനിടയ്ക്ക് എന്റെ ഓഫീസിൽ നിന്നുതന്നെ വിവരങ്ങൾ അറിയിക്കുന്നുണ്ട്. കഴിയുന്നത്ര എം.എൽ.എ.മാർ അവരുടെ മണ്ഡലത്തിൽ ഇത്തരം കാര്യങ്ങൾ വീണ്ടും റിവ്യൂ നടത്തി മറുപടി നൽകുന്നുമുണ്ട്. ഇത്തരം കാര്യങ്ങൾ തീർച്ചയായും ഈ നിലയിൽ തുടർന്നുപോകണം. Road restoration-ഉം മായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിച്ചത്. സംസ്ഥാനത്ത് 1, 2, 3 ഘട്ടങ്ങളിലായി ഭരണാനുമതി നൽകിയ വർക്കുകൾക്ക് റോഡ് പുനഃസ്ഥാപനം ചെയ്യുന്നതിനുള്ള തുക ഇല്ലായിരുന്നു. താൽക്കാലിക പുനഃസ്ഥാപനം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 15-ാം ധനകാര്യ കമ്മീഷന്റെ Tied fund ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകിയിരുന്നു. എന്നാൽ 4, 5, 6 ഘട്ടങ്ങളിലായി റോഡ് പുനഃസ്ഥാപനത്തിനാവശ്യമായ തുക അനുവദിക്കുകയും ചെയ്തു. ഇത് വലിയ ബുദ്ധിമുട്ടുകൾ പഞ്ചായത്തുകൾക്കുണ്ടായി. അവർക്ക്

റോഡ് പുനഃസ്ഥാപനം നടത്താൻ സാധിക്കാതെ വരുകയും ചെയ്തു. അതുകൊണ്ട് കേന്ദ്രത്തിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തി 1, 2, 3 ഉം ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ വർക്കുകൾക്ക് റോഡ് പുനഃസ്ഥാപനം നടത്തിയിട്ടില്ലെങ്കിൽ അത് നടത്തുന്നതിനാവശ്യമായ തുകകൂടി അനുവദിക്കപ്പെട്ടിട്ടുണ്ട്. അത് അതത് പഞ്ചായത്തുകളിൽ അതിന്റെ എസ്റ്റിമേറ്റും മറ്റ് കാര്യങ്ങളും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തയ്യാറാക്കി അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തന്നെ അത്തരം കാര്യങ്ങൾ ചെയ്യാൻ സമ്മതമാണെങ്കിൽ ജലജീവൻ മിഷൻ പ്രവൃത്തിയോടൊപ്പം അത്തരം പ്രവൃത്തികളും ചെയ്ത് മുന്നോട്ടുപോകുന്നതിന് തടസ്സമില്ല. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ അത് ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ ആ നിശ്ചിത തുകയിൽ നിന്നുകൊണ്ട് പഞ്ചായത്തുകൾ അത് ക്രമീകരിച്ച് ചെയ്യുന്നതിനും തടസ്സങ്ങളില്ല. സംസ്ഥാനത്തൊട്ടാകെ വലിയതോതിൽ ഇത്തരത്തിലുള്ള വർക്കുകൾ നടന്നുവരുന്നുവെന്നതാണ് നമ്മൾ കാണേണ്ട കാര്യം. ശ്രീ. അൻവർ സാദത്ത് പറഞ്ഞത് ശരിയാണ്. മുൻകാലങ്ങളെ പോലെയല്ല. ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ,

ദേശീയ റോഡുകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളും ഇന്ന് തകരുകയാണ്. അതുകൊണ്ടാണ് റോഡ് പുനഃസ്ഥാപനത്തിന് ആവശ്യമായ തുകകൂടി കണ്ടെത്താൻ നമുക്ക് സാധിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ നല്ല ഇടപെടലുകളാണ് നമുക്കാവശ്യം. എന്നാൽ മറ്റ് ഇതര ഏജൻസികൾ അവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അത് ഡെപ്പോസിറ്റ് ചെയ്ത് ആ വകുപ്പുകളുമായി ആലോചിച്ച് പ്രവൃത്തികൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. മറ്റ് ഇതര തടസ്സങ്ങൾ കാണുന്നില്ല. എന്നാൽ പൈപ്പ് ഇട്ടതിനുശേഷം പ്രഷർ ടെസ്റ്റ് നടത്താനുള്ള സമയം ആവശ്യമാണ്. അതല്ലാതെ പുനഃസ്ഥാപനം ചെയ്താൽ അത് പൊളിക്കേണ്ട സ്ഥിതിവരുന്നതാണ്. കരാറുകാർക്ക് നൽകിയിരിക്കുന്ന നിശ്ചിത കാലഘട്ടംവരെ അത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് ചില പ്രയോഗിക ബുദ്ധിമുട്ടുകളുമുണ്ട്. സാമ്പത്തികവുമായി ബന്ധപ്പെട്ട് പറഞ്ഞ വിഷയങ്ങൾ പൂർണ്ണമായും ശരിയല്ല. ഇത്തരം വിഷയങ്ങളിൽ രണ്ടോ, മൂന്നോ മാസത്തെ പെന്റിംഗുണ്ടാകുന്നതാണ്. ഏത് ഗവൺമെന്റ് ഭരിച്ച കാലഘട്ടത്തിലും എത്രയോ കാലത്തെ കുടിശ്ശികകൾ കിടക്കാറുണ്ട്. രണ്ട് മാസത്തെ കുടിശ്ശികയാണോ ഈ

രാജ്യത്തെ ഏറ്റവും വലിയ പ്രതിസന്ധിയായി പറയുന്നത്; അതൊരു കാരണമായി പറയരുത്. എം.എൽ.എ.മാരെന്ന നിലയിൽ നമ്മൾ ഓരോരുത്തരും ഇതിന്റെ ഗൗരവം മനസ്സിലാക്കി വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കണം. അതിനാവശ്യമായ എല്ലാ സഹകരണവും സപ്പോർട്ടും ധനകാര്യവകുപ്പ് നൽകുന്നുണ്ട്. കേന്ദ്രം നൽകുന്ന വിഹിതത്തേപ്പോലെ തന്നെ സംസ്ഥാനവും നൽകുന്നുണ്ട്. അത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കാവുന്നതാണ്. നിലവിൽ റോഡ് പുനഃസ്ഥാപനം സംബന്ധിച്ച വിഷയങ്ങൾ പരിപൂർണ്ണമായും പരിഹരിക്കപ്പെട്ടതുപോലെയാണ് പോകുന്നത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായും റിവ്യൂ നടത്തുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിച്ചുപോകുന്നതിന് നല്ല നിലയിലുള്ള സഹകരണം പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉറപ്പുവരുത്തിയിട്ടുണ്ട്. ആ നിലയിൽ ഇത്തരം പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നതിന് സാധിക്കുന്നതാണ്. അതിനാവശ്യമായ സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്.

മി.സ്പീക്കർ: ശ്രീ. ഒ. ആർ. കേളു ആവശ്യപ്പെട്ട സബ്മിഷൻ ശ്രീ. ടി. സിദ്ദിഖ് കൂടി നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് ഫ്ളോറിനെ അറിയിക്കുകയാണ്.

(5) താമരശ്ശേരി ചുരത്തിന് ബദൽപാത

ശ്രീ. ഒ. ആർ. കേളു: സർ, ആറ് ചുരങ്ങൾ വഴിയാണ് വയനാട് ജില്ലയിലേയ്ക്ക് എത്തിച്ചേരുന്നത്. പണ്ടുകാലം മുതൽ അങ്ങനെയാണ്. ആ വിഷയം പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ ഗവൺമെന്റ് തുരങ്കപാത പ്രവർത്തനം ആരംഭിക്കാനിരിക്കുന്നുവെന്നതിൽ വളരെ സന്തോഷമുണ്ട്. തുരങ്കപാത വളരെവേഗത്തിൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ വയനാട് ജില്ലയിൽ എയർസ്ട്രിപ് വേണമെന്നുള്ള സർക്കാരിന്റെ നിലപാടും പരിശോധനയും സ്വാഗതാർഹമായ കാര്യമാണ്. വയനാട് ജില്ലയിലേയ്ക്ക് രണ്ട് ചുരമില്ലാത്ത റോഡുകൾക്ക് സാധ്യതയുണ്ട്. ഒന്ന്, ചക്കിട്ടപ്പാറയിൽനിന്നും പൂഴിത്തോട് വഴി വയനാട് ജില്ലയിലേയ്ക്കും അതുപോലെ, വിലങ്ങാട് നിന്നും കുഞ്ഞോം പ്രദേശം മാനന്തവാടിയിലേയ്ക്കും. ചുരം വഴിയല്ലാതെ വയനാട് ജില്ലയിൽ വളരെവേഗത്തിൽ എത്തിച്ചേരാൻ കഴിയുന്ന

റോഡുകളാണിവ, അതാണ് ഭാവിയിൽ നമ്മൾ കാണുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും സർവ്വേ നടത്തുന്നതിനുംവേണ്ടി കഴിയുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വയനാട് ജില്ലയിലേയ്ക്കുള്ള ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ ഇവിടെ സബ്മിഷൻ വന്നിട്ടുള്ളത്. ഇക്കാര്യത്തിൽ ബദൽ മാർഗ്ഗങ്ങൾക്കുള്ള സർക്കാരിന്റെ വളരെ ആത്മാർത്ഥമായ പരിശ്രമം ഏറെ മുന്നോട്ടുപോയിട്ടുണ്ടെന്നത് വളരെ സന്തോഷത്തോടെ ഈ സഭയെ ഞാൻ അറിയിക്കുകയാണ്. ചുരം പാതയ്ക്ക് ബദലായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവച്ച പ്രധാനപ്പെട്ട പദ്ധതിയാണ് ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി-തുരങ്കപാത. തുരങ്കപാത നിർമ്മാണം ടെണ്ടർ നടപടികളിലേയ്ക്കെത്തിക്കുവാൻ നമുക്ക് സാധിച്ചു. മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഈ വർഷം അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, നിലവിലുള്ള ചുരം റോഡിന്റെ വികസനമാണ്. ചുരം റോഡിൽ ആറ്, ഏഴ്,

എട്ട് വളവുകൾ സംരക്ഷണഭിത്തി നിർമ്മിച്ച് നവീകരിക്കുന്നതിന് നാൽപ്പതുകോടി എഴുപതുലക്ഷം രൂപയുടെ പദ്ധതി പൊതുമരാമത്ത് ദേശീയപാത വിഭാഗം, കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരികയാണ്. ദേശീയപാത ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥർ ഡൽഹിയിലെത്തി കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. ചുരം ഒഴികെയുള്ള ഭാഗം നാല് വരിയായി വികസിപ്പിക്കാനുള്ള പദ്ധതി നിർദ്ദേശവും സംസ്ഥാന പൊതുമരാമത്ത് വകുപ്പ് കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. രണ്ട് ബദൽ പാതകളെ സംബന്ധിച്ച ചർച്ചകളും നേരത്തെതന്നെ നടത്തുന്നുണ്ട്. പൂഴിത്തോട്-പടിഞ്ഞാറത്തറ പാതയും ചിപ്പിലത്തോട്-മരുതിലാവ്-തളിപ്പുഴ ചുരം പാതയും സാധ്യമാക്കാനുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. എന്നാൽ ഈ രണ്ട് പാതയിലും വനഭൂമി ഉൾപ്പെട്ടുവെന്നത് വികസനത്തിന് തടസ്സമായി നിൽക്കുന്ന ഒരു ഘടകമാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി അത് ചർച്ച ചെയ്തിട്ടുണ്ട്. പൂഴിത്തോട്-

പടിഞ്ഞാറത്തറ ചുരം ബദൽ പാത കോഴിക്കോട്, വയനാട് ജില്ലകളിലായി 28.83 കി. മീ. ദൂരമുള്ള പാതയാണ്. ഇതിൽ 10.61 കി. മീ. കോഴിക്കോട് ജില്ലയിലും 18.22 കി.മീ. വയനാട് ജില്ലയിലുമാണ്. ഈ പാത സംബന്ധിച്ച ചില ശ്രമങ്ങൾ നേരത്തെ നടന്നിരുന്നുവെങ്കിലും യാഥാർത്ഥ്യമായിരുന്നില്ല. കഴിഞ്ഞ നവകേരള സദസ്സിൽ ഈ പാത യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഗൗരവതരമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പ് മറ്റ് വകുപ്പുകളുമായി കൂടിച്ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചു. നവകേരള സദസ്സ് ഇത്തരത്തിൽ പല പ്രശ്നങ്ങളും പരിഹരിക്കാൻ കാരണമായിട്ടുണ്ട്. അതുപോലെ പല പ്രശ്നങ്ങളും പരിഹരിക്കാനുള്ള നീക്കങ്ങൾക്ക് നവകേരള സദസ്സ് ഏറെ സഹായകരമായിയെന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ പൂഴിത്തോടുനിന്നും വനം ഉൾപ്പെടെയുള്ള സ്ഥലത്തിന്റെ പ്രാഥമികമായ സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. ജനുവരി 23-നാണ് പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ

കൂട്ടിച്ചേർത്ത് ഇത്തരമൊരു പരിശോധന നടത്തിയത്. തുടർപ്രവർത്തനമെന്ന നിലയിൽ റോഡ് നിർമ്മാണത്തിന്റെ സാധ്യത കണ്ടെത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് വനം വകുപ്പിന്റെ സഹകരണംകൂടി അത്യാവശ്യമാണ്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിക്കാനുള്ള ശ്രമം നടത്തുന്നതാണ്. അദ്ദേഹം വളരെ പോസിറ്റീവായ നിലപാടാണ് കൈക്കൊള്ളുന്നത്.

(6) ചിറ്റൂർ കടവ് പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി അച്ചൻകോവിലാറിന് കുറുകെ ചിറ്റൂർ കടവിൽ പാലമെന്നത് വളരെ വർഷങ്ങളായുള്ള അവരുടെ ആഗ്രഹമാണ്. പുനലൂർ-മൂവാറ്റുപുഴ പാതയെയും അതോടൊപ്പം കുമ്പഴ-വെട്ടൂർ-കോന്നി പാതയെയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ നിർദ്ദിഷ്ട പാലം. ചിറ്റൂർ ക്ഷേത്രത്തിലേയ്ക്കും മലയാലപ്പുഴയിലേയ്ക്കും വടശ്ശേരിക്കരയിലേയ്ക്കും കോന്നി മെഡിക്കൽ കോളേജിലേയ്ക്കുമെത്താൻ ഏറെ സഹായകരമാണ് ഈ പാലം. കോന്നിക്കാരുടെ ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി കഴിഞ്ഞ

ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. പി.ഡബ്ല്യു.ഡി. അതിന്റെ നടപടിക്രമങ്ങൾ നടത്തിവരികയാണ്. ഇത് വേഗം പൂർത്തീകരിച്ച് ചിറ്റൂർ കടവ് പാലം യാഥാർത്ഥ്യമാക്കാനായി വേഗം നിർമ്മാണം ആരംഭിക്കാൻ ഇടപെടണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പത്തനംതിട്ട ജില്ലയിലെ കോന്നി മണ്ഡലത്തിലെ അച്ചൻകോവിലാറിനുകുറുകെ ചിറ്റൂർ കടവ് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 2023-24-ലെ ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. 232.150 മീറ്റർ നീളവും ഇരുവശങ്ങളിലും ഒന്നര മീറ്റർ വീതിയുമുള്ള ഫുട്ട്പാത്തുകൾ ഉൾപ്പെടെ ആകെ 11 മീറ്റർ വീതിയുള്ള പാലം നിർമ്മിക്കുന്നതിന് പാലങ്ങൾ വിഭാഗം പദ്ധതി തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചു. 2024 ജനുവരി 19-ന് കൂടിയ എ.എസ്. കമ്മിറ്റി ചിറ്റൂർ കടവ് പാലം നിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് കൈമാറാൻ നിർദ്ദേശിച്ചു. ധനകാര്യ വകുപ്പിന്റെ

അനുമതികൂടി ലഭിച്ചാലുടൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പി.ഡബ്ല്യു.ഡി. കടക്കുമെന്നത് അറിയിക്കുകയാണ്.

(7) പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ മണ്ഡലത്തിൽ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുകയും നിർമ്മാണത്തിനാവശ്യമായ തുകയുമുള്ള പ്രൊപ്പോസൽ നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണുള്ളത്. പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യമായ പ്രസ്തുത ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം കാരണം പ്രദേശവാസികൾ ഏറെ യാത്രാക്ലേശം അനുഭവിക്കുകയാണ്. പ്രസ്തുത ബൈപ്പാസിന്റെ ഒന്നാംഘട്ടവും രണ്ടാംഘട്ടവും പൂർത്തീകരിച്ചതാണ്. ബൈപ്പാസിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി 14/7/2015-ലെ ജി.ഒ (ആർ.റ്റി) 10020/15/PWD പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതാണ്. എന്നാൽ 17/5/2022-ലെ തിരൂർ തഹസിൽദാർ സമർപ്പിച്ച ഡി.വി.എസ് പ്രകാരം

സ്ഥലമേറ്റെടുക്കലിന് 15 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ആയതിൻപ്രകാരം സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ 15 കോടി രൂപയും പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഭരണാനുമതി ലഭിച്ച 15.28 കോടി രൂപയും ചേർത്ത് 31.15 കോടി രൂപയാണ് ചെലവായി കണക്കാക്കിയിട്ടുള്ളത്. പുതിയ ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനിടയിലാണ് അലൈൻമെന്റ് മാറ്റണമെന്ന നിർദ്ദേശം വന്നിരിക്കുന്നത്. വർഷങ്ങൾക്കുമുമ്പേ സർവ്വേ നടപടികളും നോട്ടിഫിക്കേഷൻ നടപടികളും പുരോഗമിച്ചതിനാൽ അലൈൻമെന്റ് മാറ്റി പുതിയ എൽ.എ. നടപടികൾ സ്വീകരിക്കുകായെന്നത് പ്രായോഗിക തലത്തിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ആയതിനാൽ നിലവിലെ സാഹചര്യം പരിഗണിച്ച് പ്രവൃത്തിക്കായി അധികം സ്ഥലമേറ്റെടുക്കാത്ത രീതിയിൽ അലൈൻമെന്റിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് ഐ.ആർ.സി. മാനദണ്ഡങ്ങളിൽ ഇളവുനൽകി ഈ പ്രാപ്പോസലിന് അംഗീകാരം നൽകണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോട്ടയ്ക്കൽ മണ്ഡലത്തിൽ പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ സബ്മിഷൻ. ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിന്റെ പ്രാഥമിക നടപടികൾ നേരത്തെ ആരംഭിച്ചു. ഐ.ആർ.സി. മാനദണ്ഡങ്ങൾക്കനുസൃതമായി ഗ്രേഡിയന്റ് കൊടുത്തുകൊണ്ട് റോഡ് നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ഡിസൈൻ വിഭാഗം അറിയിച്ചു. അലൈൻമെന്റ് മാറ്റി റോഡ് നിർമ്മാണം സാധ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു പ്രയാസം ഫീൽഡിൽ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു. ഡിസൈൻ വിഭാഗം ഉദ്യോഗസ്ഥർ 2023 നവംബർ 16-ന് സ്ഥലം വീണ്ടും പരിശോധിച്ചു. ആ റിപ്പോർട്ടും പൂർണ്ണമായും അനുകൂലമല്ലെന്നാണ് ചീഫ് എഞ്ചിനീയർ (റോഡ്സ്) അറിയിച്ചിരിക്കുന്നത്. ഡിസൈൻ വിഷയത്തിൽ പ്രായോഗികമായി പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരത്ത്, ഡിസൈൻ വിഭാഗം ചീഫ്

എഞ്ചിനീയർമാരുമായി സെക്രട്ടറി വിഷയം ചർച്ച ചെയ്യും. അതിനുശേഷം പ്രസ്തുത വിഷയം പരിഹരിക്കാൻ എപ്രകാരം ഇടപെടാൻ കഴിയുമെന്ന് അറിയിക്കും.

(8) വണ്ടൂർ താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ ഗവൺമെന്റ് താലൂക്കാശുപത്രിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിൽ പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ അഭാവം, മരുന്നുകളുടെ ലഭ്യതക്കുറവ്, നിലവിലുണ്ടായിരുന്ന ഗൈനക്കോളജി വിഭാഗം പൂർണ്ണമായും അടഞ്ഞുകിടക്കുന്ന സാഹചര്യം എന്നിവ കാരണം വളരെയേറെ പ്രയാസങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. "മരുന്നില്ലാതെ എന്ത് ഫാർമസി, ആശുപത്രിയിൽ മരുന്നുകൾക്ക് ക്ഷാമം, മരുന്ന് ക്ഷാമം, ആകെയുള്ളത് പാരസെറ്റമോൾ മാത്രം" ഇത്തരം വാർത്തകൾ കഴിഞ്ഞ കുറെ ദിവസങ്ങളായി നിരന്തരം പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മൂന്നുമാസം മുൻപ് അവിടം സന്ദർശിച്ചിരുന്നു. വളരെ നല്ലരീതിയിൽ

കാര്യങ്ങൾ നോക്കിക്കാണുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തീരുമാനം ഉണ്ടാകുകയും അത് പറയുകയും ചെയ്തു. മന്ത്രി സന്ദർശിക്കുമ്പോൾ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ഡോക്ടർമാരുണ്ടായിരുന്നു. മൂന്നാമത് ഒരു ഡോക്ടറെ വയ്ക്കുന്ന കാര്യത്തിൽ മന്ത്രി നിർദ്ദേശം കൊടുക്കുകയും ചെയ്തു. മന്ത്രി സന്ദർശിച്ച് രണ്ടാഴ്ച കഴിഞ്ഞപ്പോൾ രണ്ട് ഡോക്ടർമാരും ലീവെടുത്തു. അതാണ് ഇന്നത്തെ അവസ്ഥ. ഒരാൾ വിദേശത്തുപോകാൻ ലീവെടുത്തു. മറ്റൊരാൾ ഉണ്ടായിരുന്ന ലീവെടുത്തു. ചുരുക്കിപ്പറഞ്ഞാൽ ഇന്ന് ഗൈനക്കോളജി വിഭാഗത്തിൽ ഒരു ഡോക്ടറുമില്ല. അതിനാൽ പ്രസവശുശ്രൂഷ, ചികിത്സ ഒന്നുംതന്നെ നടക്കുന്നില്ല. ആരോടാണ് പറയുക? മന്ത്രി പറഞ്ഞ കാര്യം നടപ്പാക്കേണ്ട ഉദ്യോഗസ്ഥർ, ഇക്കാര്യം പറയാനായി ഞാൻ ഡി.എച്ച്.എസ്.-നെ പത്തുതവണയെങ്കിലും വിളിച്ചു. അദ്ദേഹത്തിന് ഫോണെടുക്കാൻ സൗകര്യമുണ്ടായില്ല. പിന്നീട് ഇതെല്ലാം കാണിച്ച് ഞാൻ ബഹു. മന്ത്രിക്കുതന്നെ കത്തുനൽകി. ഈ രീതിയിൽ പോയാൽ എങ്ങനെയാണ്? രാഷ്ട്രീയപരമായോ വ്യക്തിപരമായോ അല്ല. മരുന്നില്ലെന്നുള്ള വിവരം പത്രങ്ങളിൽ വരുമ്പോഴാണ് നമ്മൾ അറിയുന്നത്.

അറിയുന്ന കാര്യങ്ങൾ എവിടെയാണ് പറയുക? ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടർമാരെ നിയമിക്കുന്ന കാര്യത്തിൽ മന്ത്രി വളരെ പോസിറ്റീവായ മറുപടിയാണ് പറഞ്ഞതെങ്കിലും അത് നടപ്പാകുന്നില്ലെങ്കിൽ പിന്നെ ആരാണ് കാര്യങ്ങൾ പറയുക? അതിനാവശ്യമായ നടപടിയുണ്ടാകണം. മരുന്നുകൾ എത്തിക്കാനും ജീവനക്കാരുടെ കുറവും പരിഹരിക്കാനവശ്യമായ നടപടിയുണ്ടാകണം. ഒരുദിവസത്തെ ഒ.പി. ഏകദേശം 1000-1200 വരെയാണ്. അത്തരമൊരു നല്ല ആശുപത്രിയാണ്. കെട്ടിട സൗകര്യമുൾപ്പെടെ എല്ലാ സൗകര്യങ്ങളുമുണ്ട്. ജീവനക്കാരുടെയും ഡോക്ടർമാരുടെയും ഭാഗത്തുനിന്നുമുണ്ടാകുന്ന അലംഭാവം, ഉദ്യോഗസ്ഥർ നിയമനം നടത്തുന്ന കാര്യത്തിലുണ്ടാക്കുന്ന അലംഭാവം എന്നിവകൊണ്ട് ജനങ്ങളിന്ന് കഷ്ടപ്പെടുകയാണ്. അവിടെവന്ന് കണ്ട് കാര്യങ്ങൾ അറിയാവുന്നൊരു സാഹചര്യത്തിൽ ഡോക്ടർമാരെ നിയമിക്കുന്ന കാര്യത്തിൽ വളരെ ശക്തമായ നിലപാടുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വണ്ടൂർ താലൂക്കാശുപത്രിയിലെ അംഗീകൃത ബെഡ് സ്ട്രങ്ത് 68 ആണ്.

ശരാശരി പ്രതിദിന ഒ.പി. 720-ഉം ഐ.പി. 32-ഉം ആണ്. ബോർഡ് മാത്രം മാറ്റിവച്ചാൽ താലൂക്കാശുപത്രിയാകില്ല. ഓരോ കാലഘട്ടങ്ങളിൽ അങ്ങനെ ചെയ്തതിന്റെ ഫലമായിട്ടുണ്ടായ ചില കാര്യങ്ങളാണ്. വണ്ടൂർ താലൂക്കാശുപത്രിയിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-4, ഗൈനക്കോളജിസ്റ്റ്-1, പീഡിയാട്രിഷൻ-1, ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4, ദന്തർ സർജൻ-1 എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ 60 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. എന്നാൽ നിലവിൽ ഡോക്ടർമാരുടെ തസ്തികകളിൽ ഒന്നിൽപ്പോലും ഒഴിവില്ല. ഒരു ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതുകൂടാതെ എൻ.എച്ച്.എം. മുഖാന്തരം 6 മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 27 താൽക്കാലിക ജീവനക്കാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൊരു ഗൈനക്കോളജിസ്റ്റുകൂടി ഉൾപ്പെടുന്നുണ്ട്. ഞാൻ താലൂക്കാശുപത്രി സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-യും അവിടെ ഉണ്ടായിരുന്നു. ഈ വിഷയം പ്രത്യേകം ശ്രദ്ധയിൽപ്പെട്ടു. അവിടത്തെ സൗകര്യങ്ങൾ ഉപയോഗിക്കുന്നില്ലായെന്നത് കുറ്റകരമായ കാര്യമാണ്. കാരണം ജനങ്ങൾക്കുവേണ്ടിയാണ് സർക്കാർ സംവിധാനങ്ങളൊരുക്കുന്നത്. അത്

ഉപയോഗിക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു ഗൈനക്കോളജിസ്റ്റിന്റെ തസ്തികയേയുള്ളൂ. അതുകൊണ്ട് എൻ.എച്ച്.എം. വഴി ഒരു ഗൈനക്കോളജിസ്റ്റിനെക്കൂടി നിയമിച്ചു. അതുകൂടാതെ ഞാൻ അന്നുപറഞ്ഞതനുസരിച്ച് ഒരു ഗൈനക്കോളജിസ്റ്റിനെക്കൂടി ജോലിക്രമീകരണ വ്യവസ്ഥയിൽ മൂന്നുദിവസത്തേയ്ക്ക് അവിടെ നിയമിച്ചു. അതുകൂടാതെ ഇപ്പോൾ എൻ.എച്ച്.എം. മുഖാന്തരം 9 ജീവനക്കാരെയും കാസ്പ് ഫണ്ട് ഉപയോഗിച്ച് 10 ജീവനക്കാരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഗൈനക്കോളജി വിഭാഗത്തിലുള്ള സ്ഥിരം തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ഡോക്ടർ അർഹതപ്പെട്ട അവധിയിലാണ്. അതായത് സർജറിയുമായി ബന്ധപ്പെട്ട് അദ്ദേഹം മെഡിക്കൽ ലീവിലായിരുന്നു. ഇന്ന് അദ്ദേഹം ജോയിൻ ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അദ്ദേഹം മെഡിക്കൽ ലീവാണ് എടുത്തിട്ടുള്ളത്. അതുകൂടാതെ അദ്ദേഹം അവധി ദീർഘിപ്പിക്കുകയാണെങ്കിൽ അതൊരു ഒഴിവായി കണക്കിലെടുത്ത് തീർച്ചയായും പകരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതുകൂടാതെ ഞാൻ പറഞ്ഞതുപോലെ .....

മി. സ്പീക്കർ: യെസ്.... യെസ്... ബാക്കി ടേബിൾ ചെയ്യൂ.

ശ്രീമതി വീണാ ജോർജ്: സർ, ഒരു കാര്യം കൂടി...മരുന്നിന്റെ കാര്യം കൂടി ...

(ശ്രീമതി വീണാ ജോർജ്...തുടരും)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും ഓർഡറായി ഇരിക്കണം. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 76-ാമത് ചരമ വാർഷിക ദിനത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 11 മണിക്ക് രണ്ടുമിനിറ്റ് മൗനം ആചരിച്ചുകൊണ്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിക്കുന്നതാണ്. അംഗങ്ങളെല്ലാവരും എഴുന്നേറ്റുനിന്ന് രണ്ടുമിനിറ്റ് മൗനം ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ ഒന്നടങ്കം എഴുന്നേറ്റുനിന്ന് രണ്ടുമിനിറ്റ് മൗനം ആചരിച്ചു)

(ശ്രീമതി വീണാ ജോർജ് തുടർച്ച ....)

ബഹുമാന്യനായ അംഗം മരുന്നിന്റെ കാര്യം പറഞ്ഞിരുന്നു. അവിടത്തെ വിവിധ വിഭാഗങ്ങളിലുള്ള മരുന്നിന്റെ ഇന്ന് രാവിലത്തെ കണക്ക് വായിക്കാം. അദ്ദേഹം

പാരസെറ്റമോൾ മാത്രമേയുള്ളൂവെന്ന് പറഞ്ഞു. പാരസെറ്റമോൾ - 213470, അമോക്സിലിൻ (ആന്റിബയോട്ടിക്സ്) 500 എം.ജി. - 20000, ഗ്യാസ് ട്രബിളിനുള്ള Omeprazole-35000, പ്രമേഹത്തിനുള്ള Metformin - 60000, Telmisartan - 90000, മൾട്ടി വൈറ്റമിൻ - 60000, അയൺസൾഫേറ്റ് - 35000, Cetirizine - 40000, കാൽസ്യം പ്ലസ് വൈറ്റമിൻ ഡി - 45000, അമോക്സിലിൻ സിറപ്പ് അങ്ങനെ അവിടെയുള്ള മരുന്നുകളുടെ ലിസ്റ്റുണ്ട്. കഴിഞ്ഞ തവണത്തേക്കാൾ കൂടുതൽ ഫിനാൻഷ്യൽ ഗ്യാപ്പ് ഉയർത്തിയാണ് നൽകിയിരുന്നത്. ആ ആശുപത്രിയിൽ നൂറ് ശതമാനം ഇൻഡന്റ് ഉപയോഗിക്കപ്പെട്ടുകഴിഞ്ഞു. അതായത് അത്രയധികം ആളുകൾ അവിടെ ചികിത്സയ്ക്കായെത്തിയിട്ടുണ്ട്. 229 മരുന്നുകൾക്ക് ഇൻഡന്റ് അളവിന്റെ നൂറ് ശതമാനം വിതരണം ചെയ്തിട്ടുണ്ട്. പക്ഷെ ആളുകൾ ബുദ്ധിമുട്ടാതിരിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ആ ആശുപത്രിയിൽ ചെയ്യുന്നുണ്ട്.

(9) അരിയുടെ ടൈഡ് ഓവർ വിഹിത വർദ്ധനവ്

ശ്രീ. പി. എസ്. സുപാൽ: സർ, രാജ്യത്തിനുതന്നെ മാതൃകയായ പൊതുവിതരണ സമ്പ്രദായം ഏറ്റവും ഫലപ്രദമായി നടപ്പാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നമ്മുടെ ഭക്ഷ്യധാന്യത്തിന്റെ 15 ശതമാനം മാത്രമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നിലവിൽ വന്നതിനുശേഷം നമ്മുടെ റേഷൻ വിഹിതത്തിലുള്ള അവകാശം സംസ്ഥാനത്തെ ജനസംഖ്യയുടെ 43 ശതമാനത്തിന് മാത്രമായി പരിമിതപ്പെടുത്തി. 57 ശതമാനം വരുന്ന ജനവിഭാഗം റേഷൻ പരിധിയിൽനിന്നും പുറത്താവുകയും ഇവർ അരിക്കായി പൊതുവിപണിയെ ആശ്രയിക്കേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്. കേരളത്തിന് ലഭിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിഹിതം 16.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 14.25 ലക്ഷം മെട്രിക് ടണ്ണായി കേന്ദ്ര സർക്കാർ കുറയ്ക്കുകയുണ്ടായി. എന്നാൽ ലഭ്യതയുടെ തോതനുസരിച്ച് എല്ലാവർക്കും ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിനുള്ള അരിയുടെ ടൈഡ് ഓവർ വിഹിതം

വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ദീർഘകാലമായ ആവശ്യം കേന്ദ്ര സർക്കാർ അവഗണിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. അനുവദിക്കുന്ന ടൈഡ് ഓവർ വിഹിതംതന്നെ ഉണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കർശനമായ നിബന്ധനകൾ സംസ്ഥാനത്തിന് പ്രയാസം സൃഷ്ടിക്കുന്നു. ഈ സാഹചര്യം അതിജീവിച്ച് അടിയന്തരമായി കൂടുതൽ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ ഗൗരവമേറിയതാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയ രണ്ടാം യു.പി.എ. സർക്കാർ ഭക്ഷ്യോൽപ്പാദനത്തിനുള്ള കേരളത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് അർഹമായ പരിഗണന നൽകിയിരുന്നുവെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാമായിരുന്നു. എന്നാൽ ലഭ്യമാകുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽനിന്നും 57 ശതമാനം

വരുന്ന മുൻഗണനേതര വിഭാഗത്തിനുംകൂടി റേഷൻ നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് വലിയ തുകയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ പ്രതിവർഷം 336 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഇനത്തിൽ പ്രതിവർഷം 324 കോടി രൂപയും ഗതാഗത കൈകാര്യ ചെലവ്, ഗോഡൗൺ വാടക, ജീവനക്കാർക്കുള്ള ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി പ്രതിവർഷം 252 കോടി രൂപയുമുൾപ്പെടെ 912 കോടിരൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നു. ഇതിന്റെ കേവലം 9.4 ശതമാനമായ 86 കോടിരൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള റേഷൻ വിതരണത്തിന്റെ ചെലവാകട്ടെ പൂർണ്ണമായും സംസ്ഥാന സർക്കാർ മാത്രമാണ് വഹിക്കുന്നത്. പൊതുവിപണിയിൽ അരിയുടെ വിലവർദ്ധനവ് തടയുന്നതിനും റേഷൻ കടകളിലൂടെ കൂടുതൽ അരി ലഭ്യമാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തെ റേഷൻ വിഹിതത്തിൽ നീല കാർഡുടമകൾക്ക് പ്രതിമാസ

വിഹിതത്തിനുപുറമെ 4 കിലോ അരിയും വെള്ള കാർഡുടമകൾക്ക് 5 കിലോ അരിയും സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഉത്സവ സീസണുകളിൽ കൂടുതൽ അരി നൽകണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. മാത്രവുമല്ല അനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ വിതരണത്തിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കർശനമായ നിബന്ധനകൾ പ്രത്യേക സാഹചര്യങ്ങളിൽ കൂടുതൽ അരി വിതരണം ചെയ്യുന്നതിന് തടസ്സമായി നിൽക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ സംസ്ഥാനത്തിന് അനുവദിച്ചുവന്നിരുന്ന ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിലും വലിയതോതിലുള്ള വെട്ടിക്കുറവാണ് കേന്ദ്രസർക്കാർ വരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും വിഹിതം വർദ്ധിപ്പിക്കുന്നതിനും ടൈഡ് ഓവർ അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ പിൻവലിക്കുന്നതിനും കക്ഷിഭേദമന്യേ കേരളത്തിന്റെ ഒറ്റക്കെട്ടായ ശബ്ദം ഉയരേണ്ടതുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. ടി. എ. റഹീം നൽകിയ സബ്മിഷനുകളിൽ പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും നോട്ടീസ് നൽകിയിട്ടുണ്ട്.

(10) ഹജ്ജ് യാത്രക്കാരുടെ വിമാനക്കൂലി വർദ്ധനവ്

ശ്രീ. പി. ടി. എ. റഹീം: സർ, 2024-ൽ ഹജ്ജ് കർമ്മത്തിനായി കേരളത്തിൽനിന്നും കോഴിക്കോട്, കൊച്ചി, കണ്ണൂർ എന്നീ മൂന്ന് എംബാർക്കേഷൻ പോയിന്റുകളാണ് നിശ്ചയിച്ചിട്ടുള്ളത്. 75 ശതമാനം ആളുകളും യാത്ര ചെയ്യാൻ തെരഞ്ഞെടുത്തിരിക്കുന്നത് കോഴിക്കോട് എംബാർക്കേഷൻ പോയിന്റാണ്. ഇവിടെയാണ് ഹജ്ജ് ഹൗസ് ഉൾപ്പെടെയുള്ള വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കൊച്ചി, കണ്ണൂർ എയർപോർട്ടുകളിലുള്ളതിനേക്കാൾ കോഴിക്കോടുനിന്നും മുക്കാൽ ലക്ഷത്തോളം രൂപ വിമാനയാത്രാ ചെലവിൽ അധികമായി ഈടാക്കുന്നതിന് എയർ ഇന്ത്യ തീരുമാനിച്ചിട്ടുണ്ട്. മറ്റ് രണ്ടിടങ്ങളിലും സൗദി എയർലൈൻസാണ് സർവ്വീസ് നടത്തുന്നത്. ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ പരിഹാര നടപടി സ്വീകരിക്കുന്നതിന്

സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഹജ്ജ് തീർത്ഥാടന സമയത്ത് ഇത്രയും വലിയ വിമാന യാത്രാ ചാർജ്ജ് വർദ്ധനവ് വന്നാൽ തീർത്ഥാടകർക്ക് ഹജ്ജിന് പോകാൻ സാധിക്കാതെ വരും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര സർക്കാരിന് അടിയന്തരമായി നിവേദനം നൽകി എങ്ങനെയെങ്കിലും ഈ പ്രശ്നത്തിന് എത്രയുംവേഗം പരിഹാരമുണ്ടാക്കണം. അല്ലെങ്കിൽ ഹജ്ജ് തീർത്ഥാടനം മുടങ്ങിപ്പോകും.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഇത്തവണത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ടൊരു കാര്യമാണ് ശ്രീ. പി. ടി. എ. റഹീമും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും മുന്നോട്ടുവച്ചിട്ടുള്ളത്. 2024 ഹജ്ജ് കർമ്മത്തിനായി മൊത്തം 24784 പേരാണ് അപേക്ഷ നൽകിയത്. കേരളത്തിൽനിന്നും 16776 പേർക്കാണ് സെൻട്രലൈസ്ഡ് നറുക്കെടുപ്പിലൂടെ ഇതുവരെ അനുവാദം നൽകിയിട്ടുള്ളത്. 70 വയസ്സ് വിഭാഗത്തിൽനിന്നും 1250

പേരെയും പുരുഷ സഹായമില്ലാത്ത സ്ത്രീകളുടെ വിഭാഗത്തിൽനിന്നും 3584 പേരെയും നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുത്തു. 2024 ഹജ്ജ് പോളിസി പ്രകാരം ഇന്ത്യയ്ക്ക് അനുവദിച്ച 175025 ഹജ്ജ് ക്വാട്ടയിൽനിന്നും 80 ശതമാനം കേന്ദ്രഹജ്ജ് കമ്മിറ്റിക്കും 20 ശതമാനം പ്രൈവറ്റ് ഗ്രൂപ്പുകൾക്കുമാണ്. കേരളത്തിൽനിന്നും കോഴിക്കോട്, കൊച്ചി, കണ്ണൂർ എയർപോർട്ടുകളാണ് ഹജ്ജ് എംബാർക്കേഷൻ പോയിന്റുകളായി നിശ്ചയിച്ചിട്ടുള്ളത്. കോഴിക്കോടാണ് ഏറ്റവും കൂടുതൽ ഹാജിമാർ എംബാർക്കേഷൻ പോയിന്റായി തെരഞ്ഞെടുത്തിട്ടുള്ളത്. 14464 പേർ കോഴിക്കോട് എംബാർക്കേഷൻ പോയിന്റിൽനിന്നും യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നു. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് അടുത്താണ് ഹജ്ജ് ഹൗസും പുതുതായി നിർമ്മിച്ച വനിതകൾക്കുള്ള പുതിയ ബ്ലോക്കും. എന്നാൽ കൊച്ചി, കണ്ണൂർ എയർപോർട്ടുകളേക്കാൾ കോഴിക്കോടുനിന്നും മുക്കാൽ ലക്ഷത്തോളം രൂപ ഹജ്ജിന് വിമാന യാത്ര ചെലവിൽ അധികമായി ഈടാക്കാനാണ് എയർ ഇന്ത്യ തീരുമാനിച്ചിട്ടുള്ളത്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാർ

എല്ലാവിധ നടപടികളും ഇപ്പോൾ എടുത്തിട്ടുണ്ട്. ഔദ്യോഗിക അറിയിപ്പുകൾ ലഭിച്ചിട്ടില്ലെങ്കിലും ലഭ്യമായ വിവരം അനുസരിച്ച് കേരളത്തിലെ വിവിധ എംബാർക്കേഷൻ പോയിന്റുകളിൽനിന്നും ഹാജിമാരിൽനിന്നും ഈടാക്കുന്ന വിമാന ചാർജ്ജ് ഇപ്രകാരമാണ്. കോഴിക്കോടുനിന്നും 1,65,000 രൂപയും കൊച്ചിയിൽനിന്നും 86,000 രൂപയും കണ്ണൂരിൽനിന്നും 86,000 രൂപയുമാണ് ഈടാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി, കണ്ണൂർ എംബാർക്കേഷൻ പോയിന്റുകളേക്കാൾ 79,000 രൂപ കൂടുതലാണ് കോഴിക്കോട് വിമാനത്താവളംവഴി പോകുന്നവർ നൽകേണ്ടിവരുന്നത്. ദൂരപരിധി മാനദണ്ഡമാക്കുകയാണെങ്കിൽ കേരളത്തിൽ നിന്നുള്ള 3 എംബാർക്കേഷൻ പോയിന്റുകളിൽനിന്നും ഏകീകൃത ചാർജ്ജാണ് ഈടാക്കേണ്ടത്. ന്യായരഹിതവും തീർത്ഥാടകർക്ക് സാമ്പത്തികമായി താങ്ങാൻ കഴിയാത്തതുമായ ഈ തീരുമാനം പുനഃപരിശോധിക്കാനും അതോടൊപ്പം ചാർജ്ജ് കുറയ്ക്കാൻ ആവശ്യമായ പരിഹാരനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷ വകുപ്പുമന്ത്രിക്കും ഇതിനോടകം കത്തുകളും ഇ-മെയിൽ സന്ദേശങ്ങളും അയച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ നടപടികൾ ഇക്കാര്യത്തിൽ

പ്രതീക്ഷിക്കുന്നുണ്ട്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നേരിട്ട് പോയി ബഹുമാനപ്പെട്ട ഏവിയേഷൻ മിനിസ്റ്ററേയും ഹജ്ജ് വകുപ്പിന്റെ ചാർജ്ജുള്ള മന്ത്രിയേയും കാണാൻ തീരുമാനിച്ചിട്ടുണ്ട്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ)